## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 868 | 05.02.2020-ൽ മറുപടിയ്ക്ക്

## വന്യജീവിശല്യം

**ചോദ്യം**

**ശ്രീ.രാജു എബ്രഹാം**

(എ) നാട്ടിലിറങ്ങി കൃഷിക്കും, കർഷകർക്കും നാശം വിതയ്ക്കുന്ന കാട്ടുപന്നി ഉൾപ്പെടെയുള്ള മൃഗങ്ങളെ വെടിവെച്ച് കൊല്ലുന്നതിന് സർക്കാർ എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;

(ബി) ഇത്തരം മൃഗങ്ങളെ കൊല്ലുന്നതിന് എന്തൊക്കെ നിബന്ധനകളാണ് ഉത്തരവിലുള്ളത്;

**ഉത്തരം**

**അഡ്വ. കെ.രാജു**
**(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി)**

(എ) സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ.ഉ (കൈ) നം.7/2019/വനം തീയതി 16.02.2019 ന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

(ബി) കഴിഞ്ഞ 3 വർഷക്കാലത്തിനിടയിൽ ഒരു തവണയെങ്കിലും മനുഷ്യന് നേരെ വന്യജീവി ആക്രമണം ഉണ്ടായിട്ടുള്ള പഞ്ചായത്ത് വാർഡുകളിൽ കടന്നു വരുന്നവയെ മാത്രമെ കൊല്ലുന്നതിന് പരിഗണിക്കാവൂ.

കഴിഞ്ഞ 3 വർഷക്കാലത്തിനുള്ളിൽ കൃഷിനാശത്തിന് നഷ്ടപരിഹാരമായി 10 ലക്ഷം രൂപ എങ്കിലും നല്കിയിട്ടുള്ള പഞ്ചായത്തിലെ വാർഡുകളിലും ഇതുപ്രകാരം നടപടി സ്വീകരിക്കാവുന്നതാണ്. തീവ്രമായ മൃഗശല്യം ഉള്ളതാണെന്ന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ / വൈൽഡ് ലൈഫ് വാർഡൻ അദ്ധ്യക്ഷനായതും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വാർഡ് അംഗം, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, അസിസ്റ്റന്റ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസർ, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നിർദ്ദേശിക്കുന്ന ഒരു സർക്കാരിതര ഏജൻസിയുടെ പ്രതിനിധി എന്നിവർ ചേർന്ന കമ്മിറ്റി വിലയിരുത്തിയതുമായ പഞ്ചായത്ത് വാർഡിലും അതുപ്രകാരം നടപടി സ്വീകരിക്കാവുന്നതാണ്.

പ്രദേശത്തെ ജനജാഗ്രതാ സമിതി യോഗം ചേർന്ന് തീരുമാനിച്ച് ശിപാർശ ചെയ്യുന്ന പ്രകാരമുള്ള ഭാഗത്തെ കാട്ടുപന്നികളെയും ഒഴിവാക്കുന്നതിന് പരിഗണിക്കേണ്ടതാണ്.

| | |
|---|---|
| **(സി)** ഈ ഉത്തരവ് നടപ്പാക്കുന്നതിന് വനംവകുപ്പ് താഴെത്തട്ടിലേക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ; | **(സി)** നിർദ്ദേശം നല്കിയിട്ടുണ്ട്. |
| **(ഡി)** കൃഷിക്കും, കർഷകരുടെ ജീവനു തന്നെയും ഭീഷണിയായ ഇത്തരം ജീവികളുടെ ആക്രമണത്തിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്ന തെന്ന് വ്യക്തമാക്കാമോ? | **(ഡി)** കർഷകർക്ക് പരിക്കും, ജീവഹാനിയും, കൃഷിനാശവും ഉണ്ടാക്കുന്ന കാട്ടുപന്നികളിൽ നിന്ന് ജനങ്ങൾക്ക് സംരക്ഷണം ലഭ്യമാക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികളെ സംബന്ധിച്ച് 11.12.2018-ൽ കൂടിയ സംസ്ഥാന വന്യജീവി ബോർഡിന്റെ യോഗത്തിൽ വിശദമായ ചർച്ച ചെയ്യുകയുണ്ടായി. കാട്ടുപന്നി ആക്രമണം രൂക്ഷമായ സ്ഥലങ്ങളിൽ അവയെ 'വെർമിൻ' ആയി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച് വിദഗ്ധ പഠനം നടത്തുന്നതിന് തീരുമാനിക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ പഠനം നടത്തുന്നതിന് വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ തീരുമാനം ഉണ്ടാകുന്നതുവരെ 1972-ലെ വന്യജീവി (സംരക്ഷണ) നിയമ പ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം ഉപയോഗപ്പെടുത്തി, ഉപദ്രവകാരികളായ കാട്ടുപന്നി കളെ ഇല്ലായ്മ ചെയ്യുന്നതിന് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ടി ഉത്തരവിൽ ചേർത്തിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ചില ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ഇവയെ പ്രതിരോധിക്കുന്നതിലേയ്ക്കായി സൗരോർജ്ജ വേലികൾ, കമ്പിവേലികൾ തുടങ്ങിയവ നിർമ്മിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് - കൃഷിയിടങ്ങളിൽ നിരന്തരം കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊല്ലുവാൻ നല്കിയ ഉത്തരവുകളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനംവന്യജീവി(ഡി)വകുപ്പ്

സ.ഉ.(കൈ) നം.7/2019/വനം തീയതി,തിരുവനന്തപുരം, 16/02/2019

പരാമർശം:- 1. 17.11.2014 -ലെ സ.ഉ.(എം.എസ്) നം.95/2014/വനം

2.പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വന്യജീവിവിഭാഗം)റുടെ

24/12/2018 -ലെ ഡബ്ള്യൂ.എൽ. 4-466/2011 തീയതി കത്ത്.

ഉത്തരവ്

വനേതര പ്രദേശങ്ങളിൽ കാട്ടുപന്നികൾ കടന്നുകയറി കൃഷിനാശം വരുത്തുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷങ്ങളും അതുമൂലമുണ്ടാകുന്ന നാശനഷ്ടങ്ങളും കുറയ്ക്കുന്നതിനായി കാർഷിക വിളകൾ നശിപ്പിക്കുന്ന കാട്ടുപന്നികളെ സ്വന്തം കൃഷിയിടത്തിൽ വച്ച് ലൈസൻസ് തോക്ക് ഉപയോഗിച്ച് വെടിവെച്ചോ അല്ലാതെയോ വേട്ടയാടുന്നതിന് കർഷകർക്ക് വ്യവസ്ഥകൾക്ക് വിധേയമായി അനുവാദം നൽകിയിരുന്നത് പരാമർശം(1) പ്രകാരമുള്ള ഉത്തരവ് പ്രകാരം നീട്ടി നൽകിയിരുന്നു.

2. കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ വെടിവെച്ചുകൊല്ലുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അപ്രായോഗികമാണെന്ന് കർഷകരും ജനപ്രതിനിധികളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ഇക്കാര്യം State Board for Wildlife ന്റെ 12.11.2018-ലെ യോഗത്തിൽ പരിഗണിയ്ക്കുകയും, കാട്ടുപന്നി ആക്രമണം രൂക്ഷമായ സ്ഥലങ്ങളിൽ വന്യജീവി (സംരക്ഷണ) നിയമം പ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം ഉപയോഗപ്പെടുത്താമെന്ന് ബോർഡ് നിർദ്ദേശിച്ചു. കൂടാതെ, കാട്ടുപന്നികളെ 'വെർ മിൻ' ആയി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച വിശദമായ ശാസ്ത്രീയ പഠനം നടത്തുവാനും തീരുമാനിച്ചു.

3. കാട്ടുപന്നികളെ 'വെർമിൻ' ആയി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ തയ്യാറാക്കി വരുന്നതിനാൽ 1972-ലെ വന്യജീവി (സംരക്ഷണ) നിയമം പ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം പ്രയോഗത്തിൽ വരുത്തുന്നതിനുള്ള പ്രൊപ്പോസൽ പി.സി.സി.എഫ് പരാമർശം (2) പ്രകാരം സമർപ്പിച്ചിരുന്നു.

4. വന്യജീവി സംരക്ഷണനിയമത്തിലെ സെക്ഷൻ 11(ബി) പ്രകാരമുള്ള അധികാരം വിനിയോഗിച്ചുകൊണ്ട് കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ വെടിവെച്ചുകൊല്ലുന്നതിന് അനുമതി നല്കി പുറപ്പെടുവിച്ച ഉത്തരവിൽ ഭേദഗതി വരുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചു.

5. 1972-ലെ വന്യജീവി സംരക്ഷണ ആക്റ്റിന്റെ 11- വകുപ്പ് (1)- ഉപവകുപ്പ് (ബി) ഖണ്ഡിക പ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡനോ അല്ലെങ്കിൽ അദ്ദേഹം അധികാരപ്പെടുത്തിയ ഏതൊരു ഉദ്യോഗസ്ഥനോ സ്വയം ബോദ്ധ്യപ്പെടുന്ന പക്ഷം ടി ആക്റ്റിന്റെ ഷെഡ്യൂൾ II, III, IV എന്നിവയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഏതൊരു

## File No.FWLD-D2/163/2016-FWLD

വന്യജീവിയും മനുഷ്യന്റെ ജീവനും സ്വത്തിനും ഭീഷണിയുണ്ടാകുന്ന സാഹചര്യത്തിലോ അല്ലെങ്കിൽ അത് ഗുരുതരമായ രോഗാവസ്ഥയിലായ സാഹചര്യത്തിലോ, കാരണങ്ങൾ വ്യക്തമാക്കി കൊണ്ടുള്ള ഒരു ഉത്തരവ് മുഖേന ടി വന്യമൃഗത്തെ കൊല്ലാനുള്ള അനുമതി നല്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി ആക്റ്റിന്റെ 5 വകുപ്പിൽ 'power of delegate'-നെ പ്പറ്റിയും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 5- വകുപ്പ് (2)- ഉപവകുപ്പ് പ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡന് തനിയ്ക്ക് നല്കപ്പെട്ട ഏതൊരധികാരവും, സെക്ഷൻ 11 (1). (a) പ്രകാരം നൽകപ്പെട്ടതൊഴികെ, തന്റെ കീഴ് ജീവനക്കാരന് നിബന്ധനകളോടു കൂടി delegate ചെയ്യു നല്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

6. മേൽ സാഹചര്യത്തിൽ, വന്യജീവി (സംരക്ഷണ) നിയമത്തിലെ സെക്ഷൻ 5 (2) പ്രകാരം മേൽ നിയമത്തിലെ സെക്ഷൻ 11 (1) (b) -യ്ക്ക് കീഴിൽ ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമായും മനുഷ്യജീവനും സ്വത്തിനും നാശം വരുത്തുന്ന കാട്ടുപന്നികളെ ഇല്ലായ്മ ചെയ്യുന്നതിനുമുള്ള അധികാരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, വൈൽഡ് ലൈഫ് വാർഡൻ എന്നിവർക്ക് ഡെലിഗേറ്റ് ചെയ്യുന്നതിന് ചീഫ് വൈൽഡ് ലൈഫ് വാർഡനെ അധികാരപ്പെടുത്തി ഉത്തരവാകുന്നു.

7. ഈ അധികാരം പ്രയോഗിക്കുന്നതിന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും വൈൽഡ് ലൈഫ് വാർഡന്മാർക്കും, ആവശ്യാനുസരണം ചീഫ് വൈൽഡ് ലൈഫ് വാർഡൻ വികേന്ദ്രീകരിച്ചു നൽകാൻ ചീഫ് വൈൽഡ് ലൈഫ് വാർഡനെ ചുമതലപ്പെടുത്തുന്നു.

8. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും വൈൽഡ് ലൈഫ് വാർഡന്മാരും തങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഇതോടൊന്നിച്ച് ചേർത്തിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ(അനുബന്ധമായി ചേർക്കുന്നു)ക്കനുസൃതമായി നടപ്പിലാക്കേണ്ടതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ .എ .ജയതിലക് ഐ.എ.എസ്**
**പ്രിൻസിപ്പല് സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, കേരള

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വന്യജീവി വിഭാഗം) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, കേരള

ഡയറക്ടർ ജനറൽ ഓഫ് പോലീസ്, പോലീസ് ആസ്ഥാനം,വഴുതയ്ക്കാട്, തിരുവനന്തപുരം

എല്ലാ ജില്ലാകളക്ടർമാർക്കും

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് വകുപ്പ്(മാധ്യമങ്ങളിലും സർക്കാർ വെബ് സൈറ്റിലും പ്രസിദ്ധീകരിക്കുന്നതിന്)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം

കരുതൽ ശേഖരം/ഓഫീസ് കോപ്പി

പകർപ്പ് - വനം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

വനംവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ